"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് -ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്- സദാനന്ദപുരം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2 ശ്രീമതി. സുനിത ബി യ്ക്ക് അനുവദിച്ച പലിശരഹിത ചികിത്സാ വായ്പ ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.482/2024/LBR തീയതി,തിരുവനന്തപുരം, 01-04-2024

പരാമർശം:- 1. സ.ഉ(സാധാ)നം.1249/2021/തൊഴിൽ, തീയതി 27.10.2021.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 13.03.2023 ലെ (എൽ.ഡിസ്)എം.ആർ5-22017/2021/ആ.വ.ഡ നമ്പർ കത്ത്.

3. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 20.04.2023, 07.03.2024 എന്നീ തീയതികളിലെ ബി5-1311/2023/ഡി.ഐ.എം.എസ് നമ്പർ കത്തുകൾ.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ സദാനന്ദപുരം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2 ആയ ശ്രീമതി. സുനിത.ബി യുടെ ഭർത്താവിന്റെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ചികിൽസയ്ക്കായി പരാമർശം (1) പ്രകാരം 2,00,000/- രൂപ പലിശ രഹിത ചികിത്സാ വായ്പയായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പലിശരഹിത ചികിൽസാവായ്പയിൽ ചികത്സയ്ക്ക് ചെലവായ 1,62,107/- രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അനുവദനീയമെന്ന് രേഖപ്പെടുത്തിയ തുക 1,30,432/- രൂപ കിഴിച്ചുള്ള ചെലവാകാത്ത ബാക്കി തുക രണ്ട് ചെലാനായി (37,893+31,675=69,568) അപേക്ഷക തിരിച്ചടച്ച സാഹചര്യത്തിൽ പ്രസ്തുത പലിശരഹിത ചികിത്സാ വായ്പ ക്രമീകരിക്കുന്നതിന് ന്നതിന് പരാമർശം (3) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ ശിപാർശ ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ സദാനന്ദപുരം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2 ആയ ശ്രീമതി. സുനിത. ബി. യുടെ ഭർത്താവിന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ MITRAL VALVE REPLACEMENT ചികിത്സയ്ക്കായി പരാമർശം (1) പ്രകാരം അനുവദിച്ച 2,00,000/- രൂപ വായ്പയിൽ ചികത്സയ്ക്ക് ചെലവായ 1,62,107/- രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയ തുകയായി അറിയിച്ച 1,30,432/- രൂപ കിഴിച്ചുള്ള ചെലവാകാത്ത ബാക്കി തുക രണ്ട് ചെലാനായി (37,893+31,675=69,568) തിരിച്ചടച്ച സാഹചര്യത്തിൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അനുവദനീയ തുകയായി അറിയിച്ച 1,30,432/- രൂപ പരാമർശം (1) പ്രകാരം അനുവദിച്ച

പലിശ രഹിത ചികിത്സാ വായ്പയിൽ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ എസ്

അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം.(അസൽ ബില്ലുകൾ സഹിതം)

ശ്രീമതി. സുനിത.ബി, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം.

ധനകാര്യ (ലോൺസ്) വകുപ്പ് (31.01.2024 ലെ ലോൺസ്-എൽ3/304/2021-ധന(1891793)പ്രകാരം.)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Ajish Kumar A

Date: 01-04-2024 16:37:50

പകർപ്പ്:ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്